ജനയുഗം
JANAYUGOM

17 September 2026

# അറബിക്കടലിൽ നിന്നും പുതിയ ഈൗൽ മത്സ്യം



സിഎംഎഫ്ആർഐ അറബിക്കടലിൽ നിന്നും കണ്ടെത്തിയ പുതിയ ഈൗൽ മത്സ്യമായ അരിയോസോമ സിഎംഎഫ്ആർഐയൻസെ

കൊച്ചി: അറബിക്കടലിൽ നിന്ന് പുതിയ ഇനം ഈൗൽ മത്സ്യത്തെ കണ്ടെത്തി. പുതിയ മീൻ ഇനി സിഎംഎഫ്ആർഐയുടെ പേരിൽ അറിയപ്പെടും.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർക്ക് കൊല്ലം തീരത്തുനിന്ന് ഏകദേശം 300 മീറ്റർ ആഴക്കടലിൽ നിന്നാണ് മീനിനെ ലഭിച്ചത്. കഴിഞ്ഞ ജനുവരിയിൽ ലഭിച്ച മത്സ്യം ശാസ്ത്രീയ പരിശോധനയിൽ പുതിയ ഇനം ഈൗൽ മത്സ്യമാണെന്ന് തിരിച്ചറിയുകയായിരുന്നു. സിഎംഎഫ്ആർഐയുടെ 80-ാം വാർഷികത്തിന്റെ ഭാഗമായി മീനിന് അരിയോസോമ സിഎംഎഫ്ആർഐയൻസെ എന്ന് നാമകരണം ചെയ്തു.

ഇന്ത്യയുടെ ആഴക്കടൽ ഗവേഷണ മേഖലയ്ക്ക് ഏറെ ഗുണകരമാകുന്നതാണ് ഈ ഗവഷണ നേട്ടമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

ആഴക്കടൽ മത്സ്യസമ്പത്തിനെ കുറിച്ചുള്ള ശാസ്ത്രീയ അറിവുകൾ വിപുലപ്പെടുത്താനും അതുവഴി ജൈവവൈവിധ്യ സംരക്ഷണ പരിപാലന രീതികൾ മെച്ചപ്പെടുത്താനും സഹായിക്കും. മീനിന്റെ അടിഭാഗത്ത് കാണപ്പെടുന്ന കറുത്ത പുള്ളികളാണ് പ്രധാന ആകർഷണം.

ഇതേ വർഗത്തിൽപെട്ട മറ്റ് ഈൗൽ മത്സ്യങ്ങളിൽ നിന്ന് വ്യത്യസ്തമായി നിരവധി പ്രത്യേകതകൾ ശാസ്ത്രീയ പരിശോധനയിൽ വ്യക്തമായതോടെയാണ് പുതിയ ഇനം മീനാണെന്ന് ഗവേഷകർ തിരിച്ചറിഞ്ഞത്.